ज्ञानादेव तु कैवल्यम्

# Sree Sankaracharya University of Sanskrit, Kalady

**(A Statutory Educational Institution Constituted by Government of Kerala)**
**Reaccredited by NAAC with 'A+'Grade**
**OFFICE OF THE PUBLIC RELATIONS**
**Kalady P.O., Ernakulam (Dist), Kerala – 683 574**
**Phone: 0484-2463380, 9447123075, E-mail: pro@ssus.ac.in, Website: www.ssus.ac.in**

തീയതി : 20.01.2024

പ്രസിദ്ധീകരണത്തിന്

1) പ്രഭാഷണം നടത്തി

ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിലെ സ്വാമി വിവേകാനന്ദ ചെയറിന്റെ ആഭിമുഖ്യത്തിൽ കാലടി മുഖ്യക്യാമ്പസിലെ ലാംഗ്വേജ് ബ്ലോക്കിലുള്ള സെമിനാർ ഹാളിൽ പ്രഭാഷണം സംഘടിപ്പിച്ചു. തിരുപ്പതി ഐ ഐ ടിയിലെ ഫിലോസഫി വിഭാഗം പ്രൊഫസർ ഡോ. എ. രഘുരാമരാജുവാണ് പ്രഭാഷണം നിർവ്വഹിച്ചത്. 'ഇന്ത്യൻ വിജ്ഞാന സംവിധാനങ്ങളെക്കുറിച്ചുള്ള സ്വാമി വിവേകാനന്ദന്റെ വീക്ഷണം' എന്നതായിരുന്നു പ്രഭാഷണ വിഷയം. ഭാരതീയ വിജ്ഞാന സംവിധാനങ്ങളെക്കുറിച്ചുള്ള വ്യാഖ്യാനസരണികളും രീതിശാസ്ത്രങ്ങളും സമകാലികമായി ചർച്ച ചെയ്യേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. ഭാരതീയ സമീപനങ്ങളെ വിമർശിക്കുന്ന മെക്കാളെയെപ്പോലുള്ളവരുടെ ചിന്താധാരകളെ സംസ്കൃതത്തിലേക്ക് മൊഴിമാറ്റം ചെയ്യുന്നതുവഴി അക്കാദമിക ചർച്ചകൾ കൂടുതൽ വിപുലമാകും, ഡോ. എ. രഘുരാമരാജു പറഞ്ഞു. പ്രോ വൈസ് ചാൻസലർ ഡോ. കെ. മുത്തുലക്ഷ്മി സമ്മേളനം ഉദ്ഘാടനം ചെയ്തു. സ്വാമി വിവേകാനന്ദ ചെയർ പ്രൊഫസർ ഡോ. വി. വസന്തകുമാരി, പി. െജ. സണ്ണി എന്നിവർ പ്രസംഗിച്ചു.




ഫോട്ടോ അടിക്കുറിപ്പ്: ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിലെ സ്വാമി വിവേകാനന്ദ ചെയറിന്റെ ആഭിമുഖ്യത്തിൽ കാലടി മുഖ്യക്യാമ്പസിലെ ലാംഗ്വേജ് ബ്ലോക്കിലുള്ള സെമിനാർ ഹാളിൽ സംഘടിപ്പിച്ച പ്രഭാഷണ

സമ്മേളനം പ്രോ വൈസ് ചാൻസലർ പ്രൊഫ. കെ. മുത്തുലക്ഷ്മി ഉദ്ഘാടനം ചെയ്യുന്നു. തിരുപ്പതി ഐ. ഐ. ടി. യിലെ ഫിലോസഫി വിഭാഗം പ്രൊഫസർ ഡോ. എ. രഘുരാമരാജു, സ്വാമി വിവേകാനന്ദ ചെയർ പ്രൊഫസർ ഡോ. വി. വസന്തകുമാരി, പി. ജെ. സണ്ണി എന്നിവർ സമീപം.

ജലീഷ് പീറ്റർ
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ നം : 9447123075